6522
9/6/15

# കേരള സർക്കാർ

## സംഗ്രഹം

**സാമൂഹ്യനീതിവകുപ്പ്-വർക്കിംഗ് ഗ്രൂപ്പ്-കാഴ്ച വൈകല്യമുള്ളവർക്ക് വായന സഹായി വികസിപ്പിച്ച് എടുക്കുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ)നം.327/2015/സാ.നീ.വ    തിരുവനന്തപുരം, തീയതി 5.6.2015

പരാമർശം- 1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 20.4.2015 ലെ H2/12362/15 നമ്പർ കത്ത്.
2. 16.5.2015 തീയതിയിലെ സാമൂഹ്യനീതി വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

### ഉത്തരവ്

സംസ്ഥാനത്ത് വിവിധ മേഖലകളിൽ കാഴ്ചവൈകല്യമുള്ളവർക്ക് കമ്പ്യൂട്ടർ സഹായത്തോടുകൂടി മറ്റുള്ളവരോടൊപ്പം വിദ്യാഭ്യാസ തൊഴിൽപരമായ വെല്ലുവിളികളെ അഭിമുഖീകരിച്ച് ജീവിത വിജയം കൈവരിക്കുന്നതിലേയ്ക്കായി Centre for Development and Advanced Computing (CDAC) ന്റെ സാങ്കേതിക സഹായത്തോടുകൂടി തയ്യാറാക്കിയ Development of Assistive Reading Tool in Malayalam for visually impaired എന്ന പ്രോജക്ട് നടപ്പ് സാമ്പത്തിക വർഷത്തിൽ (2015-16) പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ള പുതിയ സാമൂഹ്യ സംരംഭങ്ങൾ എന്ന ഇനത്തിൽ 2235-60-200-83(P) എന്ന ശീർഷകത്തിൽ നിന്നും 9.90 ലക്ഷം (ഒൻപത് ലക്ഷത്തി ഒൻപതിനായിരം രൂപ) വിനിയോഗിക്കാവുന്നതാണ് എന്ന് പരാമർശം 1 പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇതിന് അംഗീകാരം നൽകുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കാഴ്ചവൈകല്യമുള്ളവർക്ക് വായന സഹായി വികസിപ്പിച്ച് എടുക്കുന്ന പദ്ധതിയ്ക്ക് 9.90 ലക്ഷം (ഒൻപത് ലക്ഷത്തി ഒൻപതിനായിരം രൂപ) നടപ്പ് സാമ്പത്തിക വർഷത്തെ പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ള പുതിയ സാമൂഹ്യ സംരംഭങ്ങൾ എന്ന ഇനത്തിൽ 2235-60-200-83(P) എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ)/(ആഡിറ്റ്), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സാമൂഹ്യനീതി(എ)വകുപ്പ്
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ